## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1649 — 21.01.2014 ൽ മറുപടിയ്ക്ക്

# ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.കെ.രാജു<br>ശ്രീ.ഇ.എസ്.ബിജിമോൾ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ദേശീയ കാർഷികവിള ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാനത്ത് നിന്നും എത്ര നെൽകർഷകർ അംഗങ്ങളായിട്ടുണ്ട്; | (എ) ദേശീയ കാർഷിക വിള ഇൻഷ്വറൻസ് പദ്ധതിയിൻ 2012-13 ഖാരിഫ് സീസണിൽ 3722 നെൽകർഷകരും 2012-13 റാബി സീസണിൽ 18803 നെൽകർഷകരും 2013-14 ഖാരിഫ് സീസണിൽ 4405 നെൽകർഷകരും അംഗങ്ങളായിട്ടുണ്ട്. |
| (ബി) ഈ പദ്ധതിയിൻ കീഴിൽ നെൽകർഷകർ ഒരേക്കറിന് അടച്ചുകൊണ്ടിരുന്ന പ്രീമിയം തുക എത്രയാണ്; ഇത് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഈ വർദ്ധനവിന് ആധാരമായ വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) ഈ പദ്ധതിയിൻ നെൽകൃഷിക്ക് നിലവിലുള്ള പ്രീമിയം നിരക്ക് ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2.5% ഖാരിഫ് സീസണിലും 2% റാബി സീസണിലുമാണ്. ചെറുകിട നാമമാത്ര കർഷകർക്ക് ഇൻഷ്വറൻസ് പ്രീമിയത്തിന്റെ 10% തുല്യമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ സബ്സിഡിയായി നൽകുന്നു. ആയതിനാൽ ഇൻഷ്വർ ചെയ്യുന്ന തുകയുടെ 2.25 % ഖാരിഫ് സീസണിലും 1.8% റാബി സീസണിലും ചെറുകിട നാമമാത്ര കർഷകർ വഹിക്കേണ്ടതാണ്. |

| ഏക്കറിന് നെൽ കർഷകർ അടയ്ക്കേണ്ട പ്രീമിയം തുക | പരമാവധി ഇൻഷ്വറൻസ് തുക ഏക്കറിന് 13,300 | ഖാരിഫ് സീസൺ | ചെറുകിട നാമമാത്ര കർഷകർ | 299 |
|---|---|---|---|---|
| | | | മറ്റു കർഷകർ | 333 |
| | | റാബി സീസൺ | ചെറുകിട നാമമാത്ര കർഷകർ | 239 |
| | | | മറ്റു കർഷകർ | 266 |

| | |
|---|---|
| (സി) ഈ ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം നിശ്ചയിക്കുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ? | (സി) ഏരിയ അപ്രോച്ചനുസരിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. നെൽകൃഷിക്ക് പഞ്ചായത്തുകൾ അടിസ്ഥാനമാക്കിയുള്ള സോണും വാണിജ്യ ഉദ്യാനവിളകൾക്ക് ബ്ലോക്കുമാണ്. ഈ പദ്ധതി അനുസരിച്ചുള്ള യൂണിറ്റ് ഏരിയ ഇതിലേയ്ക്കായി ഓരോ വിളയ്ക്കും ഓരോ സീസണിലും പ്രഖ്യാപിത |

പ്രദേശങ്ങളെ സംസ്ഥാനസർക്കാർ തീരുമാനിക്കുന്നു. ശരാശരി ഉല്പാദനവുമായി താരതമ്യം ചെയ്യുമ്പോൾ ഒരു സീസണിൽ പ്രഖ്യാപിത പ്രദേശത്ത് വിളകളുടെ ഉല്പാദനത്തിലുണ്ടാകുന്ന കുറവും കർഷകർ അവരുടെ വിള ഇൻഷ്വർ ചെയ്ത തുകയും കണക്കിലെടുത്താണ് നഷ്ടപരിഹാരം നിശ്ചയിക്കുന്നത്.

സെക്ഷൻ ഓഫീസർ